LIBRARY ARCHIVES Kerala Legislative Assembly

നൂൽപ്പുഴയിൽ തമിഴ്നാട് നിർമ്മിക്കുന്ന ശുദ്ധജല പദ്ധതി

41 [1019] ശ്രീമതി രാധാരാഘവൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എഴുകോൺ നാരായണൻ:
" ടി. എൻ. പ്രതാപൻ:
" എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിൽകൂടി ഒഴുകുന്ന നൂൽപ്പുഴയുടെ ഉത്ഭവസ്ഥാനം എവിടെയാണ്;

(ബി) ഈ പുഴയിൽ തമിഴ്നാട് ശുദ്ധജല പദ്ധതി നിർമ്മിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇതിന്റെ നിർമ്മാണം പൂർത്തിയായോ;

(ഡി) ഈ പദ്ധതി ആരംഭിക്കുന്നതിന് സംസ്ഥാനത്തിന്റെ അനുമതി തേടിയിട്ടുണ്ടോ;

(ഇ) ഇപ്രകാരം ഒരു പദ്ധതി നിർമ്മിച്ച വിവരം ആരെങ്കിലും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(എഫ്) ഈ പദ്ധതിയുടെ പ്രവർത്തനം നൂൽപ്പുഴയെ ഏതുവിധത്തിൽ ബാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തമിഴ്നാട്ടിലെ മുതുമലയിൽ.

(ബി) ഉണ്ട്.

(സി) ഇല്ല. എന്നാൽ തടയണയുടെയും വാട്ടർ ടാങ്കിന്റെയും പണി പൂർത്തിയായിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ഉണ്ട്.

(എഫ്) ഈ പദ്ധതിമൂലം നൂൽപ്പുഴയിലെ നീരൊഴുക്ക് കുറയുകയും വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി, നൂൽപ്പുഴ, നെന്മേനി എന്നീ പഞ്ചായത്തുകളിൽ കുടിവെള്ള വിതരണത്തിനായുള്ള ജല അതോറിറ്റിയുടെ പദ്ധതികളിൽ വേനൽക്കാലത്ത് പമ്പിംഗ് തടസ്സപ്പെടുകയും ചെയ്യും. കൂടാതെ നൂൽപ്പുഴയിൽ കേരളം വിഭാവനം ചെയ്തിട്ടുള്ള ജലസേചന പദ്ധതികൾക്ക് ആവശ്യമായ ജലത്തിന്റെ ലഭ്യത കുറയുവാനും സാദ്ധ്യതയുണ്ട്.

ഡ്രെയിനേജ്/സീവേജ് സംവിധാനം കാര്യക്ഷമമാക്കാൻ പദ്ധതി

42 [1020] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രെയിനേജ്/സീവേജ് സംവിധാനം സംസ്ഥാനത്ത് കാര്യക്ഷമമാക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;